"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വ്യവസായ വകുപ്പ്-കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് - ഡെപ്യൂട്ടി മാനേജർ (പി&എ) തസ്തിക പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്തുകൊണ്ടും പ്രസ്തുത തസ്തികയ്ക്ക് യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.13/2025/ID തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:-

1. 22.10.2001 ലെ സ.ഉ.(പി) നം.1208/2001/ധന നം. ഉത്തരവ്
2. 01.12.2015-ലെ സ.ഉ.(കൈ) നം.163/2015/വ്യവ.നം. ഉത്തരവ്
3. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 13/10/2020-ലെ കെ.എസ്.ഡി.പി/പി.ആർ.എസ്/6/2020/499 നം. കത്ത്
4. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 8/12/2022-ലെ കെ.എസ്.ഡി.പി/പി.ആർ.എസ്/6/2022/948 നം. കത്ത്

## ഉത്തരവ്

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് LVP/SVP പോലുള്ള പ്രോജക്ടുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ബിൽഡിംഗ്, ഓങ്കോളജി പാർക്ക് എന്നിവയുടെ നിർമ്മാണത്തിനുമായി സെലക്ഷൻ പ്രക്രിയയിലൂടെ നിയമനം നടത്തിയിട്ടുള്ള ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന തസ്തിക ഒരു സ്ഥിരം തസ്തികയാക്കി മാറ്റുന്നതിന് അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തിക കമ്പനിക്ക് അത്യാവശ്യമായതിനാൽ കമ്പനിയുടെ സ്റ്റാഫ് പാറ്റേണിലുൾപ്പെട്ട ഡെപ്യൂട്ടി മാനേജർ (പി & എ) തസ്തികയെ പുനർനാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) ആക്കാമെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. ഡെപ്യൂട്ടി മാനേജർ(പി & എ) തസ്തിക ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നതിനാൽ പരാമർശം( 1)ലെ സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തിക ഇല്ലാതായിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്- ലിമിറ്റഡ്-ന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട Oncology Park പോലുള്ള വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി കമ്പനി മാനേജിംഗ് ഡയറക്ടറുടെ ശിപാർശ

പരിഗണിച്ച്, കമ്പനിയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ നിലവിൽ കമ്പനിയിൽ ഒഴിഞ്ഞുകിടക്കുന്നതും സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെട്ടതുമായ ഡെപ്യൂട്ടി മാനേജർ (പി&എ) എന്ന തസ്തികയെ പുനഃജ്ജീവിപ്പിച്ചുകൊണ്ട് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്തുകൊണ്ടും, പ്രസ്തുത തസ്തികയ്ക്ക് ചുവടെ പറയും പ്രകാരം യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| തസ്തിക | റിക്രൂട്ട്മെന്റ് രീതി | വിദ്യാഭ്യാസ യോഗ്യത | പ്രവൃത്തി പരിചയം |
|---|---|---|---|
| ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) | ബൈ പ്രൊമോഷൻ | മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം, എം.ബി.എ | അസി.മാനേജർ (എഞ്ചിനീയറിംഗ്) തസ്തികയിൽ 3 വർഷത്തെ പ്രവൃത്തി പരിചയം. |
| | നേരിട്ടുള്ള നിയമനം. | മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം , എം.ബി.എ | പ്രശസ്തമായ വ്യവസായ സ്ഥാപനത്തിൽ 5 വർഷം മാനേജീരിയൽ തസ്തികയിൽ പ്രവൃത്തി പരിചയം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കലവൂർ, ആലപ്പുഴ

എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (21.11.2022-ൽ PLGEA-BPE1/149/2022-PLGEA ഫയലിൽ നൽകിയ അഭിപ്രായം പ്രകാരം)

ധനകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 2682 തീയതി 5/2/2025)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Shylesh P V

Date: 03-02-2025 17:17:43

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. വ്യവ-എച്ച്3/239/2020/വ്യവ. ഇനം നം: 2682

വിഷയം : വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്-ലെ ഡെപ്യൂട്ടി മാനേജർ (പി&എ) എന്ന 1 തസ്തിക പുനരുജ്ജീവിപ്പിച്ച് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്യുന്നതിനും, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന തസ്തികയുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

6/2/25

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

6/2/25

77

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വ്യവ.-എച്ച് 3/239/2020-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | കെ.എസ്.ഡി.പി-കെ.എസ്.ഡി.പി-ലെ ഡെപ്യൂട്ടി മാനേജർ (പി&എ) എന്ന 1 തസ്തിക പുനരുജ്ജീവിപ്പിച്ച് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്യുന്നതിനും, ഡെപ്യൂട്ടി മാനേജർ(പ്രോജക്ട്സ്) എന്ന തസ്തികയുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിക്കുന്നതും -സംബന്ധിച്ച്; |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.10.2024 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18.01.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03/02/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി മാനേജർ (P&A) എന്ന തസ്തിക പുനരുജ്ജീവിച്ച്, ആവശ്യമായ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അതിനെ ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

P.1-2CP

2) LVP/SVP പോലുള്ള പ്രോജക്ടുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ബിൽഡിംഗ്, ഓങ്കോളജി പാർക്ക് എന്നിവയുടെ നിർമ്മാണത്തിനുമായി മതിയായ സെലക്ഷൻ പ്രോസസ്സിലൂടെ ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തികയിൽ ഒരു നിയമനം നടത്തിയിരുന്നുവെന്ന് കെ.എസ്.ഡി.പി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി തസ്തിക സ്ഥിരം തസ്തികയാക്കി മാറ്റുന്നതിന് അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടു.

P.2.CP

3) കെ.എസ്.ഡി.പി-യിൽ ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന സ്ഥിരം തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യത്തിൻമേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു-

Note#80nL

"KSDP-യിൽ 01.12.2015 ലെ G.O (MS) No.163/2015/ID പ്രകാരം അംഗീകാരം നൽകിയ Staff Pattern-ൽ ഉൾപ്പെടാത്ത Deputy Manager (Projects) തസ്തികയിലേക്ക് ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടത്തിയ നിയമനം സാധൂകരിക്കാനാകില്ല എന്നും, ടി ഉത്തരവിൽ Manager (Projects / Engineering / Materials), Deputy Manager (Engineering) എന്ന തസ്തികകൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ Deputy Manager (Projects) എന്ന തസ്തിക കൂടി സൃഷ്ടിക്കണമെന്ന ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

4) ഇക്കാര്യത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരമാണ്;

Note#95nL
P-58nL

"നിലവിൽ ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) ന് 60 കോടി രൂപവരെയുള്ള പ്രോജക്ടുകൾ കൈകാര്യം ചെയ്യാനുള്ളതിനാൽ കഴിഞ്ഞ രണ്ട് വർഷമായി നിലനിൽക്കുന്ന പ്രസ്തുത തസ്തിക സ്ഥിരമായി അനുവദിക്കണമെന്ന് 12.07.2022 ലെ കത്തിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എം.ഡി. അപേക്ഷിച്ചിരുന്നു. കൂടാതെ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ

പ്രവർത്തന പുരോഗതിയും ഫണ്ട് വിനിയോഗവും വിലയിരുത്താൻ മാനേജരിയൽ കേഡറിൽ യോഗ്യനായ ഗ്രാജ്വേറ്റ് എൻജിനീയർ ആവശ്യമാണെന്ന് C&AG യും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ അംഗീകൃത സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്ത ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തികയിൽ നടത്തിയ നിയമനത്തെ റെഗുലറൈസ് ചെയ്യാനോ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തിക പുതിയതായി സൃഷ്ടിക്കാനോ ഉള്ള പ്രപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല 08.10.2020 ലെ സർക്കാർ കത്ത് നം. 858/2020/ID ന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെയും, സ്കിൽ ടെസ്റ്റ്, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയുടെ അടിസ്ഥാനത്തിലും, സർക്കാർ പ്രതിനിധി, റിയാബ് മെമ്പർ എന്നിവർ നോമിനിയായുള്ള ഒരു മൂല്യനിർണ്ണയ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രസ്തുത നിയമനം നടത്തിയിരിക്കുന്നത്. നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം കെ.എസ്.ഡി.പി.-ൽ 4 ഡെപ്യൂട്ടി മാനേജർ തസ്തികകൾ ഉണ്ട്. മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പ് നോട്ട് #87 ലെ നിർദ്ദേശമായ 'നിലവിൽ ഒഴിവുള്ള ഒരു തസ്തികയെ പുനർ നാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന തസ്തികയാക്കുക' എന്നതിനോട് യോജിക്കുന്നു. ഭരണ വകുപ്പിന് ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്".

P.23 CF
P.13 CF

5) കമ്പനിക്ക് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തിക അത്യാവശ്യമായതിനാൽ കെ.എസ്.ഡി.പി-യിലെ ഡെപ്യൂട്ടി മാനേജർ (പി & എ) എന്ന തസ്തികയെ പുനർനാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) ആക്കാമെന്ന് മാനേജിംഗ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി.

6) *മേൽ നിർദ്ദേശത്തിൻമേൽ* ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

"കെ.എസ്.ഡി.പി-യിൽ നിലവിൽ ഒഴിവുള്ള പ്രൊമോഷൻ തസ്തികയായ Deputy Manager(P&A) എന്ന തസ്തിക പുനർ നാമകരണം ചെയ്ത് Deputy Manager(projects) തസ്തിക ആക്കി മാറ്റണമെന്ന കെ.എസ്.ഡി.പി എം.ഡി-യുടെ ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നും, Deputy Manager(P&A) തസ്തിക ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ 21.10.2001 ലെ GO(P)No.1208/2001-fin പ്രകാരം ടി തസ്തിക ഇല്ലാതായതായി കണക്കാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു". Note#115 P

7) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ വിപുലീകരണത്തിന്റെ ഭാഗമായി വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിവരികയാണ്.

ഓങ്കോളജി പാർക്ക് പോലെയുള്ള നൂതനമായ പദ്ധതികളുടെ നടത്തിപ്പിന് സാങ്കേതിക പരിജ്ഞാനമുള്ള ഒരു ഓഫീസറുടെ സേവനം അനിവാര്യമാണ്. നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ ഡപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കമ്പനിക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ ടി തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ആയതിനാൽ കമ്പനിക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരാത്ത രീതിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി മാനേജർ (P & A) എന്ന തസ്തിക പുനർ നാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി തസ്തികയുടെ യോഗ്യതാമാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള നിർദ്ദേശം പരിഗണനാർഹമാണ്. ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് സമ്മതം നൽകിയില്ലെന്ന് മാത്രമല്ല, 1 വർഷത്തിന് മുകളിലായി ഒഴിഞ്ഞു കിടക്കുന്നുവെന്ന സാങ്കേതികത്വം പറഞ്ഞ് ഡെപ്യൂട്ടി മാനേജർ (P& A) എന്ന തസ്തിക നിർത്തലാക്കണമെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. മാർക്കറ്റ് വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭക്ഷമതയ്ക്ക് ആനുപാതികമായിട്ടാണ് അവയിലെ ഒഴിവുകൾ നികത്തുന്നത്. മേൽ സാഹചര്യത്തിൽ, ഒരു വർഷത്തിൽ അധികമായി നിയമനം Note#172nd നടത്താത്ത തസ്തികകൾ റദ്ദാക്കപ്പെടുമെന്ന നിലവിലുള്ള ഉത്തരവ് പൊതുമേഖലാസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. ആയതിനാൽ ഓങ്കോളജി പാർക്ക് പോലുള്ള പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി സാങ്കേതിക പരിജ്ഞാനമുള്ള ഓഫീസർമാരെ നിയമിക്കണമെന്ന ബോർഡ് തീരുമാനം പരിഗണിച്ചുകൊണ്ട് കമ്പനിക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ, കെ.എസ്.ഡി.പി-യിൽ ഒഴിഞ്ഞ് കിടക്കുന്ന ഡെപ്യൂട്ടി മാനേജർ (P&A) എന്ന തസ്തിക പുനർനാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി ടി തസ്തികയുടെ ആവശ്യമായ യോഗ്യതാമാനദണ്ഡം നിർണ്ണയിക്കാവുന്നതാണെന്ന് ബഹു. വ്യവസായ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

Note#173rd 8) ബഹു. മുഖ്യമന്ത്രി ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനുത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

KSDP യുടെ വിപുലീകരണവുമായി ബന്ധപ്പെട്ട Oncology Park പോലുള്ള വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി കമ്പനി ബോർഡിന്റെ ശിപാർശ പരിഗണിച്ച് , കമ്പനിയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ നിലവിൽ KSDP-യിൽ ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി മാനേജർ (P&A) എന്ന തസ്തിക പുനഃരുജ്ജീവിപ്പിച്ചുകൊണ്ട് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്നാക്കി പുനർനാമകരണം ചെയ്തുകൊണ്ട് പ്രസ്തുത തസ്തികയ്ക്ക് താഴെപ്പറയും പ്രകാരം

85

യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് അനുമതി നൽകാമോ?

| തസ്തിക | റിക്രൂട്ട്മെന്റ് രീതി | വിദ്യാഭ്യാസ യോഗ്യത | പ്രവൃത്തി പരിചയം |
|---|---|---|---|
| ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) | ബൈ പ്രൊമോഷൻ | 1. മെക്കാനിക്കൽ /ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം, 2. എം.ബി.എ | അസി.മാനേജർ (എഞ്ചിനീയറിംഗ്) തസ്തികയിൽ 3 വർഷത്തെ പ്രവൃത്തി പരിചയം |
| | നേരിട്ടുള്ള നിയമനം | 1. മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം , 2. എം.ബി.എ | പ്രശസ്തമായ സ്ഥാപനത്തിൽ 5 വർഷം മാനേജീരിയൽ തസ്തികയിൽ പ്രവൃത്തി പരിചയം |

93

**GOVERNMENT OF KERALA**
**(PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No. | : | IND-H3/239/2020/IID |
| 2 | Department | : | Industries (H) Department |
| 3 | Subject | : | KSDP- Revival of 1 post of Deputy Manager (P&A) in KSDP and to redesignate the post to Deputy Manager (Projects) and to fix qualification criteria for the post of Deputy Manager (Projects) -reg; |
| 4 | Date of Chief Minister's order for placing before the Council. | : | 31.10.2024 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes, Planning & Economic Affairs Department |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt. M.A. Rajeena Beegum |
| 8 | Name of Principal Secretary who approved the Draft Note. | : | Sri. A.P.M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the principal Secretary | : | 18.01.2025 |
| 10 | Name of Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12 | Name of Minister who approved the Draft Note | : | Sri. P. Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | 03/02/2025 |
| 14 | Date of submission of fair copies | : | |
| 15 | Date of decision by the Council of Ministers | | |
| 16 | Number and date of the G.O./letter communicating the decision. | | |

95

# Draft Note for the Council of Ministers

p.1-2cf This note deals with the revival of the vacant post of Deputy Manager (P&A) in Kerala State Drugs and Pharmaceuticals and to re-designate it as Deputy Manager (Projects) by fixing the qualifications for the post.

p.2.cf 2) The Managing Director, Kerala State Drugs and Pharmaceuticals Ltd (KSDP) has reported that KSDP has made an appointment to the post of Deputy Manager (Projects) through due selection process, for the effective implementation of the projects like LVP / SVP, construction of new Administrative Block Building and the Oncology Park. The Managing Director has requested to Government to accord sanction to make it as a regular post.

3) When the file was forwarded to Finance Departmenton the request of creating regular post of Deputy Manager (Projects) in KSDP, that Department offered the following remark;

Note#80n.f "KSDP-യിൽ 01.12.2015 ലെ G.O (MS) No.163/2015/ID പ്രകാരം അംഗീകാരം നൽകിയ Staff Pattern-ൽ ഉൾപ്പെടാത്ത Deputy Manager (Projects) തസ്തികയിലേക്ക് ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടത്തിയ നിയമനം സാധൂകരിക്കാനാകില്ല എന്നും, ടി ഉത്തരവിൽ Manager (Projects / Engineering / Materials), Deputy Manager (Engineering) എന്ന തസ്തികകൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ Deputy Manager (Projects) എന്ന തസ്തിക കൂടി സൃഷ്ടിക്കണമെന്ന ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

4) Remarks of Planning & Economic Affairs Department in the matter is as follows:-

Note#95nf p.58n.f "നിലവിൽ ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) ന് 60 കോടി രൂപവരെയുള്ള പ്രോജക്ടുകൾ കൈകാര്യം ചെയ്യാനുള്ളതിനാൽ കഴിഞ്ഞ രണ്ട് വർഷമായി നിലനിൽക്കുന്ന പ്രസ്തുത തസ്തിക സ്ഥിരമായി അനുവദിക്കണമെന്ന് 12.07.2022 ലെ

കത്തിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എം.ഡി. അപേക്ഷിച്ചിരുന്നു. കൂടാതെ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതിയും ഫണ്ട് വിനിയോഗവും വിലയിരുത്താൻ മാനേജരിയൽ കേഡറിൽ യോഗ്യനായ ഗ്രാജുവേറ്റ് എൻജിനീയർ ആവശ്യമാണെന്ന് C&AG യും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ അംഗീകൃത സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടാത്ത ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തികയിൽ നടത്തിയ നിയമനത്തെ റെഗുലറൈസ് ചെയ്യാനോ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തിക പുതിയതായി സൃഷ്ടിക്കാനോ ഉള്ള പ്രപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല. 08.10.2020 ലെ സർക്കാർ കത്ത് നം. 858/2020/ID ന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെയും, സ്കിൽ ടെസ്റ്റ്, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയുടെ അടിസ്ഥാനത്തിലും, സർക്കാർ പ്രതിനിധി, റിയാബ് മെമ്പർ എന്നിവർ നോമിനിയായുള്ള ഒരു മൂല്യനിർണ്ണയ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രസ്തുത നിയമനം നടത്തിയിരിക്കുന്നത്. നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം കെ.എസ്.ഡി.പി.-ൽ 4 ഡെപ്യൂട്ടി മാനേജർ തസ്തികകൾ ഉണ്ട്. മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പ് നോട്ട് #87 ലെ നിർദ്ദേശമായ 'നിലവിൽ ഒഴിവുള്ള ഒരു തസ്തികയെ പുനർ നാമകരണം ചെയ്ത് ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) എന്ന തസ്തികയാക്കുക' എന്നതിനോട് യോജിക്കുന്നു. ഭരണ വകുപ്പിന് ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്".

p.23.cf p.13.cf 5) The Managing Director suggested to re-designate the post of Deputy Manager (P&A) as Deputy Manager (Projects), since the post of Deputy Manager (Projects) is essential to the company.

6) The Finance Department offered the following remarks in the above suggestion:-

Note#115 nf "കെ.എസ്.ഡി.പി-യിൽ നിലവിൽ ഒഴിവുള്ള പ്രൊമോഷൻ തസ്തികയായ Deputy Manager(P&A) എന്ന തസ്തിക പുനർ നാമകരണം ചെയ്ത് Deputy Manager(projects) തസ്തിക ആക്കി മാറ്റണമെന്ന കെ.എസ്.ഡി.പി എം.ഡി-യുടെ ശിപാർശ

അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നും, Deputy Manager(P&A) തസ്തിക ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ 21.10.2001 ലെ GO(P)No.1208/2001-fin പ്രകാരം ടി തസ്തിക ഇല്ലാതായതായി കണക്കാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".

7) The Hon'ble Minister for Industries opined that the Kerala State Drugs and Pharmaceuticals Limited is implementing various project as part of expansion. The service of a technically competent officer is inevitable for implementation of innovative projects like Oncology Park. As the post of Deputy Manager (Projects) is not included in the existing Staff Pattern of KSDP, It is necessary to create the said post , without any new financial commitment to the company. Hence the suggestion to re-designate the vacant post of Deputy Manager (P&A) to Deputy Manager (Projects), by Note#172nf fixing qualifications for the post, without additional financial commitment is considerable. The Finance Department has not agreed for the creation of Deputy Manager (Projects) and also remarked to abolish the post of Deputy Manager (P&A) in the technicality that the post is vacant for more than one year. Filling up of vacancies in Public Sector Undertaking is in par with their profitability and which is in correlation with the market conditions. In the circumstance, the existing order to consider the posts vacant for more than one year as abolished will affect the smooth functioning of the Public Sector Undertakings. Therefore, the vacant post of Deputy Manager (P&A) in KSDP and to re designate it as Deputy Manager (Projects), by fixing necessary qualifications for the post, without any additional financial commitment, considering the recommendation of the Board of the Company and for the effective implementation of the projects like Oncology Park.

Note#173nf 8) The Hon'ble Chief Minister ordered to place the matter before the Council of Ministers for consideration.

101

## POINT FOR DECISION

Whether sanction may be accorded to revive the vacant post of Deputy Manager (P&A) in KSDP and to re designate it as Deputy Manager (Projects), by fixing necessary qualifications for the post as follows, without any additional financial commitment, considering the recommendation of the Board of the Company and for the effective implementation of the projects like Oncology Park and various projects as part of expansion, by overruling the remarks of Finance Department ?

| Post | Mode of Recruitment | Educational Qualification | Experience |
|---|---|---|---|
| Deputy Manager (Projects) | By Promotion | 1. Degree in Mechanical/ Electrical Engineering.<br>2. M.B.A | 3 years Experience in the post of Assistant Manager (Engineering) |
| | By Direct Recruitment | 1. Degree in Mechanical/ Electrical Engineering.<br>2. M.B.A | 5 years experience in the Managerial post in a reputed industry. |

Note#219 nf

18/1/25

18/1/25

18/1/25